നം.കെ.എസ്.എ-കെ.ടി.എം.പി14/820/2017 തീയതി : 03.06.2017

# കോട്ടയം ജില്ലയിലെ തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.11.2016 മുതൽ 22.05.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 18.11.2016 മുതൽ 30.04.2017 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാബു ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.05.2017 മുതൽ 30.05.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ സജി പി.ആർ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ശ്രീമതി മേരി ആൻഡ്രൂസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മനു എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി) നിർവഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഇന്ദിര രാധാകൃഷ്ണൻ | 01.04.2016 - 31.03.2017 |
| സെക്രട്ടറി | ശ്രീ.സുരേഷ് ബാബു പി. | 01.04.2016 - 31.03.2017 |

**മറ്റ് നിർവഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ഷെയ്സ് എസ്. | 01.03.2016-17.07.2016 |
| | ശ്രീ.എം.എ.ഷെഫീക്ക് | 18.07.2016-02.08.2016 |
| | ശ്രീമതി മീന മേരി ജോർജ്ജ് | 03.08.16 – 25.12.2016 |
| | ശ്രീമതി മഞ്ജുദേവി യു.ആർ. | 26.12.2016-31.03.2017 |

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ | ശ്രീമതി കെ.ജി.സുജാത | 01.04.2016–31.03.2017 |
| വെറ്ററിനറി സർജൻ | ഡോ.അജിൻ ജോസ് | 01.04.2016–31.03.2017 |
| വി.ഇ.ഒ | ശ്രീ.അരുൺ പിള്ള | 01.04.2016–23.12.2016 |
| | ശ്രീ.ബൈജു വി.(ചാർജ്) | 24.12.2016–01.02.2017 |
| | ശ്രീ.ജയപ്രകാശ് എൻ. | 20.12.2016–31.03.2017 |
| | ശ്രീ.അരുൺ പിള്ള | 02.02.2017–31.03.2017 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ഉദയ ഇമ്മാനുവേൽ | 01.04.2016–12.01.2017 |
| | ഡോ.ദിവ്യ ജോർജ് | 13.01.2017–31.03.2017 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ഉഷാകുമാരി പി.ജി. | 01.04.2016–31.03.2017 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.സീനിയ പി.കെ. | 01.04.2016–31.03.2017 |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.ജെയിംസ് ജോർജ് | 01.04.2016–19.07.2016 |
| | | |

| | | |
|---|---|---|
| | ശ്രീ.അഷ്റഫ് ഖാൻ എ. | 20.07.2016–28.09.2016 |
| | ശ്രീ.ജെയിംസ് ജോർജ് | 29.09.2016–31.03.2017 |

**ഉള്ളടക്കം**

| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| **ഭാഗം 1 പൊതു അവലോകനം** | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| | |

| | |
|---|---|
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | ഓഡിറ്റ് ഇംപാക്ട് |
| **ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2-1 | വസ്തുനികുതി പരിഷ്കരണ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല |
| 2-2-2 | ബി എസ് എൻ എൽ മൊബൈൽ ടവറുകൾ വസ്തു നികുതി ഒടുക്കുന്നില്ല. വൻ തുക കുടിശ്ശിക |
| 2-3 | സ്ഥാപന തൊഴിൽനികുതി ഒടുക്കിയിട്ടില്ല |
| 2-4 | ട്രേഡേഴ്സ് ലിസ്റ്റ് വാർഡടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല |
| **ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | പശ്ചിമഘട്ടവികസന പദ്ധതി-തുക തിരിച്ചടവ് കൈപ്പറ്റ് വിവരം ലഭ്യമല്ല- തുക തടസ്സപ്പെടുത്തുന്നു |
| 3-2 | മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനം- മുൻകൂർ ക്രമീകരിച്ചിട്ടില്ല |
| 3-3 | ക്ഷേമ പെൻഷൻ തിരികെ ഈടാക്കിയത് തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു |
| 3-4 | പൊളിച്ചു മാറ്റിയ സാധനങ്ങൾ- ലേലം ചെയ്ത് മുതൽക്കൂട്ടിയിട്ടില്ല |
| 3-5 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |

| | |
|---|---|
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2017 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 |

## <u>ഭാഗം -1</u>

## <u>പൊതു അവലോകനം</u>

### 1-1 ബജറ്റ്

2016 -17 വർഷത്തെ പുതുക്കിയ ബജറ്റ് 15.05.2017 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 56,11,825 | 49,52,642 | | 6,59,183 | (-)11.7 |
| വരവ് | 4,12,05,277 | 3,87,93,504 | | 24,11,773 | (-)5.8 |
| ആകെ | 4,68,17,102 | 4,37,46,146 | | 30,70,956 | (-)6.5 |
| ചെലവ് | 4,11,08,777 | 3,66,50,065 | | 44,58,712 | (-)10.8 |
| നീക്കിയിരിപ്പ് | 57,08,325 | 70,96,081 | 1,38,756 | | 24(-) |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 31.7.2017 | 24.05.2017 | ---- | ----- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | കണക്കുകൾ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയ തീയതി |
|---|---|
| 2016-17 | ഓഡിറ്റ് സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 49,52,642.72 |
| വരവ് | 3,01,95,949 |
| ആകെ | 3,51,48,591.72 |
| ചെലവ് | 2,80,52,510 |
| നീക്കിയിരിപ്പ് | 70,96,081.72 |

## 1-5 ഫണ്ട് വിനിയോഗം

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ പിടിച്ചത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 64,20,284 | 64,20,284 | 60,79,121 | 3,41,163 | 95 |
| വികസനഫണ്ട് എസ്.സി.പി. | 0 | 14,13,450 | 14,13,450 | 11,12,960 | 3,00,490 | 79 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1,51,275 | 1,51,275 | 95,725 | 55,550 | 63 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 25,82,283 | 25,82,283 | 4,47,378 | 21,34,905 | 17 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 25,54,755 | 25,54,755 | 17,83,660 | 7,71,095 | 70 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 36,00,676 | 36,00,676 | 26,54,836 | 9,45,840 | 74 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 18,85,554 | 18,85,554 | 18,74,915 | 10,639 | 99 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 92 | 22,73,655.3 | 61 | 1,48,12,374 | 16 | 15 | 66 |

2016-17 വാർഷിക പദ്ധതിക്ക് ഉത്തരവ് നം.490/2016/DPC/DPO/KTM തീയതി 27.03.2017 പ്രകാരം അന്തിമ അംഗീകാരം ലഭിച്ചു.

**പദ്ധതി ആസൂത്രണം**

വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ 29.02.2016 തീയതിയിലും പദ്ധതി ആസൂത്രണഗ്രാമസഭകൾ 15.03.2016, 16.03.2016, 19.03.2016 തീയതികളിലും വികസനസെമിനാർ 19.07.2016 തീയതിയിലും കൂടിയിട്ടുണ്ട്.

**പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി (2012-17) അവലോകനം**

12-ാം പഞ്ചവൽസര പദ്ധതി കാലയളവിൽ തലപ്പലം ഗ്രാമ പഞ്ചായത്തിൽ വിവിധ മേഖലകളിൽ നടപ്പിലാക്കിയ പ്രധാന പ്രോജക്ടുകളുടെ വർഷം തിരിച്ചുള്ള ചെലവ് വിവരം താഴെ ചേർക്കുന്നു.

**കാർഷിക മേഖല**

| പദ്ധതിയുടെ പേര് | 2012-13 ലെ ചെലവ് | 2013-14 ലെ ചെലവ് | 2014-15 ലെ ചെലവ് | 2015-16 ലെ ചെലവ് | 2016-17 ലെ ചെലവ് |
|---|---|---|---|---|---|
| ജലസേചന പമ്പ് സെറ്റ് | 50,000 | 2,16,204 | 1,21,350 | 63,534 | 0 |

| | | | | | |
|---|---|---|---|---|---|
| ജലസേചന കിണർ | 0 | 1,68,750 | 89,104 | 45,000 | 75,000 |

**മൃഗസംരക്ഷണ മേഖല**

| പദ്ധതിയുടെ പേര് | 2012-13 ലെ ചെലവ് | 2013-14 ലെ ചെലവ് | 2014-15 ലെ ചെലവ് | 2015-16 ലെ ചെലവ് | 2016-17 ലെ ചെലവ് |
|---|---|---|---|---|---|
| മുട്ടക്കോഴി വിതരണം | 0 | 2,34,000 | 2,67,800 | 2,27,370 | 2,63,250 |
| മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ | 0 | 20,000 | 40,000 | 20,000 | 50,000 |
| തൊഴുത്ത് നിർമ്മാണം | 0 | 0 | 3,40,000 | 1,50,750 | 0 |

**വനിതാ വികസനം- സാമൂഹ്യനീതി**

| പദ്ധതിയുടെ പേര് | 2012-13ലെ ചെലവ് | 2013-14ലെ ചെലവ് | 2014-15ലെ ചെലവ് | 2015-16ലെ ചെലവ് | 2016-17ലെ ചെലവ് |
|---|---|---|---|---|---|
| എസ്.സി. വനിത ഉൽപ്പന്ന വിപണന കേന്ദ്രം | 1,00,000 | 23,34,204 | 13,44,996 | 1,93,653 | 0 |
| ,, മെയിന്റനൻസ് | 0 | 1,88,892 | 24,830 | 68,578 | 80,679 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ആശ്രയ ഭവന പദ്ധതി | 0 | 0 | 2,50,000 | 0 | 3,00,000 |

**വൃദ്ധർ, വികലാംഗർ, ശിശുക്കൾ**

| പദ്ധതിയുടെ പേര് | 2012-13ലെ ചെലവ് | 2013-14ലെ ചെലവ് | 2014-15ലെ ചെലവ് | 2015-16ലെ ചെലവ് | 2016-17ലെ ചെലവ് |
|---|---|---|---|---|---|
| വികലാംഗ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 1,50,000 | 2,00,000 | 2,00,000 | 2,50,000 | 3,00,000 |
| ബാലസഭ ധനസഹായം | 15,000 | 15,000 | 15,000 | 15,000 | 25,000 |

**പ്രത്യേകഘടക പദ്ധതി (എസ്സിപി)**

| പദ്ധതിയുടെ പേര് | 2012-13ലെ ചെലവ് | 2013-14ലെ ചെലവ് | 2014-15ലെ ചെലവ് | 2015-16ലെ ചെലവ് | 2016-17ലെ ചെലവ് |
|---|---|---|---|---|---|
| ഭവന നിർമ്മാണം | 80,000 | 3,20,000 | 1,40,000 | 46,000 | 7,20,000 |
| വീട് പുനരുദ്ധാരണം | 75,000 | 1,25,000 | 1,00,000 | 1,12,500 | 1,25,000 |
| എസ്.സി.വിദ്യാർഥികൾക്ക് പഠനോപകരണം | 0 | 33,020 | 1,76,940 | 2,07,400 | 0 |
| IAY വിഹിതം | 1,53,000 | 1,40,015 | 1,60,000 | 3,86,007 | 0 |

**പട്ടികവർഗ്ഗ ഉപപദ്ധതി**

| പദ്ധതിയുടെ പേര് | 2012-13ലെ ചെലവ് | 2013-14ലെ ചെലവ് | 2014-15ലെ ചെലവ് | 2015-16ലെ ചെലവ് | 2016-17ലെ ചെലവ് |
|---|---|---|---|---|---|
| എസ്.റ്റി.വിദ്യാർഥികൾക്ക് പഠനോപകരണം | 19,660 | 1,54,752 | 19,950 | 14,410 | 7,200 |
| IAYവിഹിതം | 0 | 66,113 | 65,000 | 1,70,640 | 0 |

**ആരോഗ്യ-ശുചിത്വമേഖല**

| പദ്ധതിയുടെ പേര് | 2012-13ലെ ചെലവ് | 2013-14ലെ ചെലവ് | 2014-15ലെ ചെലവ് | 2015-16ലെ ചെലവ് | 2016-17ലെ ചെലവ് |
|---|---|---|---|---|---|
| പാലിയേറ്റീവ് പരിചരണം | 20,000 | 1,99,000 | 2,44,000 | 2,01,940 | 2,93,078 |
| കക്കൂസ് നിർമ്മാണം | 49,500 | 2,31,600 | 76,400 | 7,44,000 | 0 |
| ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 75,000 | 0 | 55,000 | 1,00,000 | 50,000 |
| ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 0 | 1,40,000 | 3,00,000 | 4,00,000 | 4,00,000 |
| ഉറവിടമാലിന്യ സംസ്കരണം | 0 | 12,94,440 | 2,96,730 | 30,702 | 5,826 |
| PHC മെയിന്റനൻസ് | 4,10,000 | 0 | 0 | 0 | 50,000 |

**വിദ്യാഭ്യാസം-കല- സംസ്കാരം**

| പദ്ധതിയുടെ പേര് | 2012-13ലെ ചെലവ് | 2013-14ലെ ചെലവ് | 2014-15ലെ ചെലവ് | 2015-16ലെ ചെലവ് | 2016-17ലെ ചെലവ് |
|---|---|---|---|---|---|
| സ്കൂളുകളുടെ അറ്റകുറ്റപ്പണി | 6,66,499 | 1,57,893 | 77,058 | 5,09,428 | 7,73,620 |
| അംഗൻവാടി നിർമ്മാണം/അറ്റകുറ്റപ്പണി | 4,12,751 | 7,31,642 | 5,64,954 | 7,05,151 | 0 |
| SSA വിഹിതം | 4,17,934 | 2,00,000 | 2,00,000 | 2,00,000 | 2,00,000 |

**പശ്ചാത്തലം**

| പദ്ധതിയുടെ പേര് | 2012-13ലെ ചെലവ് | 2013-14ലെ ചെലവ് | 2014-15ലെ ചെലവ് | 2015-16ലെ ചെലവ് | 2016-17ലെ ചെലവ് |
|---|---|---|---|---|---|
| റോഡുകൾ | 16,29,102 | 22,58,188 | 22,96,014 | 21,86,400 | 22,92,295 |
| സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് | 99,860 | 2,00,000 | 99,350 | 98,326 | 0 |
| വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ | 0 | 0 | 0 | 0 | 19,20,380 |
| സ്ട്രീറ്റ്ലൈറ്റ് ഉപകരണങ്ങൾ വാങ്ങൽ | 0 | 0 | 0 | 0 | 3,03,950 |

## 1-7 തനതു വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വ്യതിയാനം ഉണ്ടായിട്ടുണ്ട്

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 20,10,726 | 56,54,848 | 36,44,122 | (+)181 |
| നികുതിയേതര വരവുകൾ | 3,71,892 | 3,79,991 | 8,099 | (+)2 |
| മറ്റു വരവുകൾ | 91,481 | 1,000 | 90,481 | (-)99 |
| ആകെ | 24,74,099 | 60,35,849 | 35,61,750 | (+)144 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 68,160 | 47 |
| കർഷകതൊഴിലാളി പെൻഷൻ | 14,15,990 | 164 |
| വിധവകളുടെ മക്കൾക്കുള്ള വിവാഹ ധനസഹായം | 2,10,000 | 7 |
| വിധവാ പെൻഷൻ | 34,03,970 | 338 |
| വാർദ്ധക്യകാല പെൻഷൻ | 78,46,535 | 752 |
| | | |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 11,84,170 | 136 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 2,31,530 | 22 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.05.2017 തീയതി 3.20 പി.എം.-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,500 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണം തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകളിലൂടെ ജീവനക്കാർക്ക് ജോലികൾ വിഭജിച്ച് നല്കിയിരുന്നു. എല്ലാ വരവിനങ്ങളുടെയും രജിസ്റ്ററുകളും അനുബന്ധരേഖകളും ശരിയായി സംരക്ഷിക്കുകയും, ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണ നടപടികളും, സാംഖ്യ-സഞ്ചയ മാപ്പിംങ്ങും പൂർത്തിയായിട്ടില്ലാത്തതിനാൽ വസ്തുനികുതിയുടെ ഡിമാന്റ്, ബാലൻസ് കണക്ക് കൃത്യമല്ല. വാർഡടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പാക്കിയിട്ടില്ല. ഇത് വരുമാന നഷ്ടത്തിനിടയാക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.05.2017 | 30.04.2017 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.06.2006 | 2005-06 വരെ | LBA(HQ)/8A/1000/415, 21.07.2016 |

## 1-12 ഓഡിറ്റ് ഇംപാക്ട്

2016-17 വർഷം 2-ാം വാർഡിൽ തോട്ടുപുറമ്പോക്കിൽ നിന്നിരുന്ന പ്ലാവ് 07.03.2017ൽ 17,000 രൂപക്ക് ലേലത്തിൽ കൊണ്ട ശ്രീ.മദനമോഹൻ നായർ എന്ന വ്യക്തി ഇ എം ഡി 1,000 രൂപ ഉൾപ്പെടെ ആകെ 6,000 രൂപ മാത്രമാണ് തൻവർഷം ഒടുക്കിയിരുന്നത്. ലേല വ്യവസ്ഥ പ്രകാരം ലേലം പഞ്ചായത്ത് അംഗീകരിച്ച് അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ ബാക്കി തുകയും, 14.5% വാറ്റും മൊത്തം തടിവിലയും വാറ്റും ഉൾപ്പെടുന്ന തുകയുടെ 5% FDT യും പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതുമാണ് എന്നായിരുന്നു. പഞ്ചായത്തിൽ നിന്നും 12.04.2017 തീയതിയിൽ ബാക്കി തുക അടവാക്കുവാൻ ടിയാന് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും തുക അടവാക്കിയിരുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ(നം.4) അടിസ്ഥാനത്തിൽ ബാക്കി തുക (11000+വാറ്റ് – 2465 രൂപ + എഫ്.ഡി.റ്റി – 974 രൂപ) രസീത് നം.117040100251/31.05.2017 പ്രകാരം അടവാക്കുകയുണ്ടായി.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

ഓഡിറ്റ് വേളയിൽ ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. 26.07.2011-ലെ ജി.ഒ.(എംസ്) 152/11/ എൽ. എസ്. ജി. ഡി. യിലെ നിർദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2. വസ്തുനികുതി പരിഷ്കരണ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ ബി- 15 ഷെഡ്യൂളിലെ വസ്തുനികുതി - തൻവർഷ, കുടിശ്ശിക കണക്കുകൾ കൃത്യമല്ല.

3.ലേലം ചെയ്തു നൽകിയ പരസ്യനികുതി അക്രൂ ചെയ്തിട്ടുണ്ടെങ്കിലും യഥാർത്ഥ വരവ്, രസീത് & പേയ്മെന്റ് പത്രികയിലെ RP- 43 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

4. ബാലൻസ് ഷീറ്റ്, ബി-9 ഷെഡ്യൂളിലെ ചുവടെ ചേർക്കുന്ന ശീർഷകങ്ങളിലെ തുകകളുടെ കൃത്യത വ്യക്തമല്ല

| ശീർഷകം | തുക |
|---|---|
| 350200202- Recoveries payable- VAT | 9,779 |
| 350410101- Advance Collection of Revenues Property Tax on Residential Buildings | 38,262 |
| 350410104- Advance Collection of Revenues Property Tax on Non Residential Buildings | 61,332 |

5. തടി ലേലം ചെയ്തതിന്റെ വരവ്, റവന്യൂ വരവായി അക്കൗണ്ട് ചെയ്യാതെ Auction Deposit ശീർഷകത്തിൽ ബാധ്യതയായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

## 2-2-1 വസ്തുനികുതി പരിഷ്കരണ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല

1993-94 ലെ അസസ്മെന്റ് പ്രകാരമുള്ള കെട്ടിടങ്ങളുടെ 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരമുള്ള വസ്തുനികുതി പുനർനിർണ്ണയം പൂർത്തിയായിട്ടില്ല. 1993-94 ലെ നികുതിനിർണ്ണയ

പ്രകാരം 8 വാർഡുകളിലായുള്ള 3900 കെട്ടിടങ്ങളിൽ 3774 കെട്ടിടങ്ങളുടെ വിവരശേഖരണം സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡേറ്റാ എൻട്രി പൂർത്തിയാക്കി, ഫോറം 6, ഡിമാന്റ് നോട്ടീസ് ജനറേറ്റ് ചെയ്തിട്ടുണ്ട്. സാംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയറുകളുടെ ഇന്റഗ്രേഷൻ നടത്തുകയും സാംഖ്യയിലെ വസ്തുനികുതിയുടെ രസീതുകളെ സഞ്ചയ ഡേറ്റാബേസിലെ കെട്ടിടങ്ങളുമായി മാപ്പ് ചെയ്യുന്ന പ്രവൃത്തി 99.06 % പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്(സഞ്ചയയിൽ നിന്നും ലഭ്യമായ റിപ്പോർട്ട് പ്രകാരം). എന്നാൽ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ വസ്തുനികുതിയുടെ ഡിമാന്റ്, ബാലൻസ് തുകകൾ സാംഖ്യ പ്രകാരവും സഞ്ചയ പ്രകാരവും കൃത്യമല്ല.

## 2-2-2 ബി എസ് എൻ എൽ മൊബൈൽ ടവറുകൾ വസ്തു നികുതി ഒടുക്കുന്നില്ല. വൻ തുക കുടിശ്ശിക

ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന 2 ബി എസ് എൻ എൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി പുതുക്കിയ നിരക്കിൽ നിർണ്ണയിച്ച് ഡിമാന്റ് ചെയ്തിട്ടുണ്ട് എങ്കിലും നാളിതുവരെ നികുതി ഒടുക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ | വാർഡ് നം/ കെട്ടിട നം | വിസ്തീർണ്ണം ച. മീറ്ററിൽ | നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത നികുതി (ച.മീറ്ററിന് 500 രൂപ നിരക്കിൽ) | ലൈബ്രറി സെസ്സ് | കുടിശ്ശിക കാലയളവ് |
|---|---|---|---|---|---|
| 1 | V111/19 | 6.76 | 4046 | 203 | 2011-12 മുതൽ |
| 2 | 1/27B | 21.19 | 11655 | 683 | " " |

മൊബൈൽ ടവറുകളുടെ വിസ്തീർണ്ണം കണക്കാക്കുന്നതിന് ടവറുകളുടെയും അനുബന്ധ കെട്ടിടങ്ങളുടെയും തറവിസ്തീർണ്ണം പരിഗണിച്ചിട്ടില്ലാ എന്ന് കാണുന്നു. ഗ്രാമപഞ്ചായത്തിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സഹായത്തോടെ പരാമർശിത മൊബൈൽ ടവറുകളുടെ തറവിസ്തീർണ്ണം തിട്ടപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം പിരിച്ചെടുക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 സ്ഥാപന തൊഴിൽനികുതി ഒടുക്കിയിട്ടില്ല

മഹീന്ദ്ര & മഹീന്ദ്ര ഫിനാൻസ് പനക്കപ്പാലം എന്ന സ്ഥാപനം 2016-17 രണ്ടാം അർദ്ധവർഷത്തെ സ്ഥാപന തൊഴിൽനികുതി

(1250 രൂപ ) ഒടുക്കിയിട്ടില്ല. തുക ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-4 ട്രേഡേഴ്സ് ലിസ്റ്റ് വാർഡടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നിന്നും തൻവർഷം 189 സ്ഥാപനങ്ങൾ ഡി&ഒ ട്രേഡ് ലൈസൻസ് എടുത്തിട്ടുണ്ട്. ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റ്, വാർഡടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതും, ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാരസ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃതനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പശ്ചിമഘട്ടവികസന പദ്ധതി-തുക തിരിച്ചടവ് കൈപ്പറ്റ് വിവരം ലഭ്യമല്ല- തുക തടസ്സപ്പെടുത്തുന്നു

പശ്ചിമഘട്ടവികസന പദ്ധതിയിൽ ഉൾപ്പെടുത്തി മാതാക്കൽ തോടിനു കുറുകെ നടപ്പാലം നിർമ്മിക്കുന്നതിനായി ചെക്ക് നം 45907/30.3.15 പ്രകാരം 1,72,580 രൂപ ജില്ലാ കളക്ടർ അനുവദിച്ചിരുന്നു. 13.4.15 ൽ ടി തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ ചേർത്തിട്ടുണ്ട്. ജി.ഒ. (എം.എസ്) 36/2016/പ്ലാനിംഗ്/31.6.16 ലെ നിർദ്ദേശാനുസരണം ചെക്ക് നം.3199644/ 24.10.16 പ്രകാരം 1,72,580 രൂപ പശ്ചിമഘട്ട വികസന പദ്ധതി സെൽ ജോയിന്റ് ഡയറക്ടറുടെ പേരിൽ ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് തിരികെ നൽകി (കത്ത് നം. എ1- 3210/16/24.10.16). ചെക്ക് സ്വീകരിച്ചതിന് ജില്ലാ പ്ലാനിംഗ് ഓഫീസിൽ നിന്നും രസീത് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 1,72,580 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.6 ന് മറുപടി നൽകിയില്ല.

### 3-2 മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനം- മുൻകൂർ ക്രമീകരിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 13 വാർഡുകളിലെയും വാർഡുതല ആരോഗ്യ-ശുചിത്വ കമ്മറ്റി കൺവീനർമാർക്ക് വാർഡ്തല പ്രവർത്തനരേഖയുടെ അടിസ്ഥാനത്തിൽ 10,000 രൂപ വീതം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് നം | വൗച്ചർനം./തീയതി | തുക (രൂപ) | കൈപ്പറ്റിയ ആൾ | ചെക്ക് നം/തീയതി |
|---|---|---|---|---|
| 1 | 21600132/7.6.16 | 10,000 | സോളി ജോസഫ് JPHN | 79004/7.6.16 |
| 2 | .........124/ ,, | 10,000 | മിനിക്കുട്ടി A G, JPHN | 78971/ ,, |
| 3 | .........125/ ,, | 10,000 | സജീവ്.S, JHI | 78972/ ,, |
| 4 | .........126/ ,, | 10,000 | ,, | 78973/ ,, |
| 5 | .........127/ ,, | 10,000 | ഏലിയാമ്മ മാത്യു<br>JPHN | 78974/ ,, |
| 6 | .........128/ ,, | 10,000 | ,, | 78975/ ,, |
| 7 | .........129/ ,, | 10,000 | മിനിക്കുട്ടി. A G | 79001/ ,, |
| 8 | .........133/ ,, | 10,000 | ജയകുമാരി. K S, JHI | 79005/ ,, |
| 9 | .........134/ ,, | 10,000 | ,, | 79006/ ,, |
| 10 | .........130/ ,, | 10,000 | ഏലിയാമ്മ മാത്യു | 79002/ ,, |
| 11 | .........135/ ,, | 10,000 | ജയകുമാരി K.S. | 79007/ ,, |
| 12 | .........131/ ,, | 10,000 | സോളി ജോസഫ് | 79003/ ,, |
| 13 | .........136/ ,, | 10,000 | ,, | 79008/ ,, |
| | | 1,30,000 | | |

ടി തുക നൽകിയതിൽ 6, 10 എന്നീ വാർഡിലെ കൺവീനർ ശ്രീമതി ഏലിയാമ്മ മാത്യുവിന്റെ കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല. 13 വാർഡുകളിലെയും കൺവീനർമാർ തുക ചെലവഴിച്ചതിന്റെ വൗച്ചറുകൾ ഹാജരാക്കി മുൻകൂർ ക്രമീകരിച്ചിട്ടില്ല. വൗച്ചറുകൾ ഹാജരാക്കി മുൻകൂർ ക്രമീകരിക്കാത്തതിനാൽ 1,30,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 ക്ഷേമ പെൻഷൻ തിരികെ ഈടാക്കിയത് തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു

തലപ്പലം ഗ്രാമപഞ്ചായത്തിൽ നിന്നും കർഷകതൊഴിലാളി പെൻഷൻ വാങ്ങിച്ചുകൊണ്ടിരുന്ന ശ്രീമതി രാജമ്മ കൊച്ചുപ്ലാക്കൽതൊട്ടിയിൽ, മേലമ്പാറ എന്ന വ്യക്തിക്ക് ഭരണങ്ങാനം ഗ്രാമപഞ്ചായത്തിൽ നിന്നും വാർദ്ധക്യകാല പെൻഷനും അനുവദിച്ചിരുന്നു. ഇത് കണ്ടെത്തിയതിനെ തുടർന്ന് തൻവർഷം ഈ പഞ്ചായത്തിൽ നിന്നും അനുവദിച്ച കർഷകതൊഴിലാളി പെൻഷൻ 7,200 രൂപ തിരികെ ഈടാക്കി തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ടി തുക നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കി അറിയിക്കേണ്ടതാണ്.

## 3-4 പൊളിച്ചു മാറ്റിയ സാധനങ്ങൾ- ലേലം ചെയ്ത് മുതൽക്കൂട്ടിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി മേലമ്പാറ എൽ.പി.സ്കൂൾ (പ്രോ.നം.77/17) HWLP സ്കൂൾ (പ്രോ.നം.71/17) പനയ്ക്കപ്പാലം എസ്.സി. വനിത ഉൽപ്പന്ന വിപണനകേന്ദ്രം (പ്രോ.നം.73/17) എന്നിവയുടെ മെയിന്റനൻസ് നടത്തിയിട്ടുണ്ട്. സ്കൂളുകളുടെ മെയിന്റനൻസിന്റെ ഭാഗമായി പൊളിച്ചുമാറ്റിയ ഉപയോഗയോഗ്യമായ ഓടുകളുടെ മൂല്യം 13,332 രൂപയായും എസ്.സി. വനിത ഉൽപ്പന്ന വിപണനകേന്ദ്രത്തിൽ നിന്നും പൊളിച്ചുമാറ്റിയ ഗ്രില്ലിന് 4,757 രൂപയായും അസിസ്റ്റന്റ് എൻജിനീയർ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.3) മറുപടി ലഭ്യമാക്കിയതിൽ ടി സാധനങ്ങൾ 17.06.2017ൽ ലേലം ചെയ്ത് മുതൽക്കൂട്ടുന്നതിന് 15.05.2017ലെ 25-ാം നമ്പരായി പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട് എന്നറിയിച്ചു. തുടർ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-5 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി

തൊഴിലുറപ്പുപദ്ധതിയുമായി ബന്ധപ്പെട്ട് 2016-17 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2016-17 വർഷം ആക്ഷൻ പ്ലാൻ പ്രകാരം ആകെ വിഭാവനം ചെയ്തത് 106 പ്രോജക്ടുകളാണ്, 100 എണ്ണംനടപ്പാക്കി. 2015-16 സാമ്പത്തികവർഷം 22509 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 532 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. എന്നാൽ 100 തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞത് 17 കുടുംബങ്ങൾക്ക്മാത്രമാണ്. എല്ലാ ഗ്രാമസഭകളും സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്. പട്ടതാക്കുളം നിർമ്മാണം, നീർക്കുഴി നിർമ്മാണം, കിണർ നിർമ്മാണം തുടങ്ങിയ പ്രവൃത്തികളാണ് തൻ വർഷം ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളത്.

പദ്ധതി പ്രകാരമുള്ള വരവുചെലവ് കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 205 |
| വരവ് | 91,34,175 |
| ആകെ | 91,34,380 |
| ചെലവ് | 91,32,666 |
| നീക്കിയിരിപ്പ് | 1,714 |

## <u>ഭാഗം -4</u>

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിന്ന നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 52,724 |
| തൻവർഷം നിക്ഷേപിച്ച തുക | 2,046 |
| ആകെ | 54,770 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 54,770 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| തലപ്പലം സർവീസ് സഹകരണ ബാങ്ക്, പ്ലാശ്ശനാൽ ശാഖ | 54,770 |
| ആകെ | 54,770 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 18,080/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 2-5 | 2,500 | മാനേജർ, തലപ്പലം സർവ്വീസ് സഹകരണ ബാങ്ക്, കളത്തുക്കടവ് ശാഖ | 11604101261, 18.11.2016 |
| 2014-15 | 2-5 | 2,500 | മാനേജർ, തലപ്പലം സർവ്വീസ് സഹകരണ ബാങ്ക്, നരിയങ്ങാനം ശാഖ | 11604101262, 18.11.2016 |
| 2014-15 | 2-5 | 2,500 | മാനേജർ, തലപ്പലം സർവ്വീസ് സഹകരണ ബാങ്ക്, പനക്കപ്പാലം ശാഖ | 11604101263, 18.11.2016 |
| 2014-15 | 2-5 | 2,500 | തങ്കമ്മ കുര്യൻ | 11604101264, 18.11.2016 |
| 2014-15 | 2-4-1 | 7,500 | മാനേജർ, മേലാമ്പാറ സർവ്വീസ് സഹകരണ ബാങ്ക്, തേവരുപാറ ശാഖ | 11604101057, 27.10.2016 |
| 2014-15 | 2-4-2 | 7,500 | മാനേജർ, മേലാമ്പാറ സർവ്വീസ് സഹകരണ ബാങ്ക്, ചിറ്റാനപ്പാറ ശാഖ | 11604101058, 27.10.2016 |
| 2014-15 | 2-7 | 2,500 | ഹിമ മിൽക്ക് പ്രോഡക്ട്സ് | 11604100292, |

| | | | | |
|---|---|---|---|---|
| | | | | 26.05.2016 |
| 2014-15 | 2-8 | 2,160 | റോയൽ ഡിസൈനർ ടൈൽസ് മേലാമ്പാറ | 11604101324, 26.11.2016 |
| 2014-15 | 2-5 | 960 | ജനശ്രീ ബ്രിക്സ് കളത്തുക്കടവ് | 11604101619, 04.01.2017 |
| 2014-15 | 2-5 | 960 | വലിയമംഗലം ടിംബർ മിൽസ് | 11604102437, 22.03.2017 |
| ആകെ | | 31,580 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 3,01,95,949 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 2,80,52,510 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| | | |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3,02,580 |

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,72,580 | ശ്രീ.സുരേഷ് ബാബു പി., സെക്രട്ടറി |
| 3-2 | 1,30,000 | ശ്രീ.സുരേഷ് ബാബു പി., സെക്രട്ടറി |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**<u>(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ ഓഫീസിൽനിന്നും നടത്തിയ കത്തിടപാടിന്റെ വിവരം | |
|---|---|---|
| 98-99 ചെലവ് | എൽ.എഫ്.കെ.പി.2-196/98 തീ, 17.06.2000/04.07.2000 | - |
| 00-01, 01-02 (പ്ലാൻ) | എൽ.എഫ്.കെ.പി.2-257/അദാ./14(2) തീ.08.01.15 | 2 |
| 02-03 ചെലവ് | എൽ.എഫ്.കെ.പി.7/925/04/04.03.05 | - |
| 2002-03 വരവ് | എൽ.എഫ്.കെ.പി.3/1087/07/25.09.08 | - |
| 2004-05 | എൽ.എഫ്.കെ.പി.2-1252(എ)/2014(2) തീ.01.08.15 | 4 |
| 2005-06 | എൽ.എഫ്.കെ.പി.2-1252(എ)14(3), 07.08.15 | 2 |
| 2006-07 | എൽ.എഫ്.കെ.പി.2-1252(എ)2014(4), 06.08.15 | 1 |
| 2007-08 | എൽ.എഫ്.കെ.പി.2-338/15, 06.07.15 | 5 |
| 2008-09 | എൽ.എഫ്.കെ.പി.2-374/15, 28.05.15 | 2 |
| 2009-10 | എൽ.എഫ്.കെ.പി.2-375/15, 06.07.15 | 2 |
| 10-11, 11-12 | എൽ.എഫ്.കെ.പി.2-339/15, 06.07.15 | 7 |
| 2012-13, 13-14 | എൽ.എഫ്.കെ.പി.2-1562/15, 06.02.16 | 21 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.2-1131/2016, 04.08.16 | 19 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.2-1832/2016, 21.12.16 | 10 |

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

**കെ.എസ്.എ-കെ.ടി.എം.പി14/820/2017** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

**ഫോൺ : 0482564886**

**ഇ മെയിൽ : doktm.ksad@kerala.gov.in**

**തീയതി:03.06.17**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **തലപ്പലം** ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ (ഖണ്ഡിക 2-1-ൽ) ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **തലപ്പലം** ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**